# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4696** **26.06.2019 ൽ മറുപടിയ്ക്ക്**

**വീട്ടുകളിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാൻ പദ്ധതി**

| ചോദ്യം<br>ശ്രീ.എം. സ്വരാജ് | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) വീട്ടുകളിൽ ആവശ്യമായ പച്ചക്കറി വീട്ടുകളിൽ തന്നെ ഉത്പാദിപ്പിക്കുന്നതിന് സഹായകമായി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ എന്നറിയിക്കാമോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ; | എ) വീട്ടുകളിൽ ആവശ്യമായ പച്ചക്കറികൾ സ്വന്തം വീട്ടുവളപ്പിൽ തന്നെ ഉല്പാദിപ്പിക്കുന്നതിന് സഹായകരമായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ മുഖ്യ ഘടകങ്ങളായി ഉൾപ്പെടുത്തി "വീട്ടുവളപ്പിലെ പച്ചക്കറി കൃഷി/ ഓണത്തിന് ഒരുമുറം പച്ചക്കറി, മട്ടുപ്പാവിലെ പച്ചക്കറി കൃഷി, മഴമറ കൃഷി" എന്നീ ഘടകങ്ങൾ നടപ്പിലാക്കി വരുന്നു.<br><br><u>വീട്ടുവളപ്പിലുള്ള പച്ചക്കറി കൃഷി:-</u> വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി കർഷകർക്ക് 10 രൂപ വിലവരുന്ന വിവിധ ഇനങ്ങൾ അടങ്ങിയ 65 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളും, 160 ലക്ഷം പച്ചക്കറി തൈകളും സ്കൂൾ കുട്ടികൾ, കർഷകർ, വനിതകൾ, സർക്കാരിതര സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവർ വഴി സൗജന്യമായി വിതരണം ചെയ്യുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, റെസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങി പൊതു സമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.<br><br><u>മട്ടുപ്പാവ് കൃഷി/ ഗ്രോബാഗുകളിലെ പച്ചക്കറി കൃഷി:</u> - സ്ഥല പരിമിതിയുള്ള നഗര പ്രദേശങ്ങളിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയ്ക്ക് പ്രോത്സാഹനം നൽകുന്നതിനായി 'മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും' എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ, സസ്യസംരക്ഷണ ഉപാധികൾ എന്നിവ കർഷകർക്കു നൽകുന്നു. 25 ഗ്രോബാഗുകൾ അടങ്ങിയ 2000/- രൂപ വിലവരുന്ന ഒരു യൂണിറ്റിന് 75 ശതമാനം സബ്സിഡിയിൽ 500/- രൂപയ്ക്ക് |

കർഷകർക്ക് വിതരണം ചെയ്യുന്നു. കൂടാതെ മുൻ വർഷങ്ങളിൽ വിതരണം ചെയ്ത ഗ്രോബാഗ് യൂണിറ്റുകളുടെ തുടർ കൃഷിയ്ക്കായുള്ള സാമ്പത്തിക സഹായവും നൽകി വരുന്നു. മാലിന്യ സംസ്കരണത്തിനായി ചെറുകിടമണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം, ചെറുകിടതുള്ളിനന/ തിരിനന യൂണിറ്റുകൾ സ്ഥാപിക്കൽ, റസിഡൻഷ്യൽ അസോസിയേഷനുകൾ കേന്ദ്രീകരിച്ച് ഹരിതഗ്രൂപ്പുകൾ രൂപീകരിച്ചു പച്ചക്കറി കൃഷിയ്ക്ക് പ്രോത്സാഹനം നൽകി വരുന്നു.

<u>മഴമറ പച്ചക്കറി കൃഷി</u>:- വേനൽ കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി നൂതന രീതിയായ റെയിൻ ഷെൽട്ടറുകളിലുള്ള പച്ചക്കറി കൃഷിയ്ക്ക് പ്രോത്സാഹനം നൽകുന്നു. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്റർ ഉള്ള ഒരു മഴമറയ്ക്ക് പരമാവധി 50000 രൂപ നിരക്കിൽ കർഷകർക്ക് ധനസഹായം നൽകി വരുന്നു.

കൂടാതെ ഗാർഹിക പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വി.എഫ്.പി.സി.കെ 'ഹരിതനഗരി' പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൽ നഗരപ്രദേശങ്ങളിൽ കൃഷി ചെയ്യുന്നതിന് സ്ഥല പരിമിതിയുള്ള പ്രദേശങ്ങളിൽ 2500 രൂപ നിരക്കിൽ <u>ആവശ്യമുള്ള</u> പച്ചക്കറി തൈകൾ നട്ട ഗ്രോബാഗ് യൂണിറ്റ് (25 ഗ്രോബാഗ് വീതം) ലഭ്യമാക്കുന്നുണ്ട്. ഇതോടൊപ്പം, കണിക ജലസേചന യൂണിറ്റ്, ടെറസ് കൃഷിയ്ക്ക് വേണ്ടി നടീൽ വസ്തുക്കൾ, ജൈവ ഉൽപാദനോപാധികൾ തുടങ്ങിയവ വി.എഫ്.പി.സി.കെ യ്ക്ക് കീഴിലുള്ള കൃഷി ബിസിനസ്സ് കേന്ദ്രകൾ വഴി ലഭ്യമാക്കുന്നുണ്ട്. ഇതു കൂടാതെ, നഗരവാസികൾക്ക് ടെറസ് പച്ചക്കറി കൃഷിയെകുറിച്ചുള്ള പരിശീലനങ്ങൾ കാക്കനാടുള്ള വി.എഫ്.പി.,സി.കെ ആസ്ഥാനത്ത് സംഘടിപ്പിച്ചു വരുന്നു.

| | |
|---|---|
| ബി) ഈ പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം അറിയിക്കുമോ? | ബി) വീട്ടുവളപ്പിൽ പച്ചക്കറി കൃഷി വിപുലീകരിക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിൽ പച്ചക്കറി വിത്ത്, പച്ചക്കറി തൈകളുടെ വിതരണം എന്നിവയ്ക്കായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സ്ഥപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാതെ വരുന്ന നഗര പ്രദേശങ്ങളിൽ വീട്ടു വളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും എന്ന ഘടകത്തിനായി 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ഘടകത്തിൽ പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച |

ഗ്രോബാഗുകൾ കർഷകർക്കു നൽകുന്നു. 25 ഗ്രോബാഗുകൾ അടങ്ങിയ 2000/- രൂപ വിലവരുന്ന ഒരു യൂണിറ്റിന് 75 ശതമാനം സബ്സിഡിയിൽ 500/- രൂപയ്ക്കാണ് കർഷകർക്ക് വിതരണം ചെയ്യുന്നത്. കൂടാതെ മുൻ വർഷങ്ങളിൽ വിതരണം ചെയ്ത ഗ്രോബാഗ് യൂണിറ്റുകളുടെ തുടർ കൃഷിയ്ക്കായുള്ള സാമ്പത്തിക സഹായമായി യൂണിറ്റിന് 200/- രൂപ നൽകി വരുന്നു. മാലിന്യ സംസ്കരണത്തിനായി ചെറുകിട കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം, ജലത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിനും, ഈർപ്പം നിലനിർത്തുന്നതിനും ചെറുകിട, തുള്ളിനന/ തിരിനന യൂണിറ്റുകൾ സ്ഥാപിച്ചു വരുന്നു. വിവിധ റസിഡൻഷ്യൽ അസോസിയേഷനുകളിലെ അർബൻ ക്ലസ്റ്ററുകൾ വാർഡ് തലത്തിൽ കേന്ദ്രീകരിച്ച് ഹരിതഗ്രൂപ്പുകൾ രൂപീകരിച്ചും വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയ്ക്ക് പ്രോത്സാഹനം നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ**